## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174** | **03-03-2025 - ൽ മറുപടിയ്ക്ക്**

## കോട്ടയം നഴ്സിംഗ് കോളേജിലെ അതിക്രൂര റാഗിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടയം നഴ്സിംഗ് കോളേജിൽ അതിക്രൂരമായി റാഗിംഗ് നടന്നത് ഗൗരവപൂർവ്വം കാണുന്നുണ്ടോ; അറിയിക്കുമോ; | (എ) | കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിൽ നടന്ന റാഗിങ് അതീവ ഗൗരവമായി സർക്കാർ കാണുന്നു. കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിനോടനുബന്ധിച്ചുള്ള മെൻസ് ഹോസ്റ്റലിലെ പത്താമത്തെ റൂമിൽ താമസിച്ചുവരുന്ന ഒന്നാം വർഷ GNM വിദ്യാർത്ഥികൾക്കാണ് അതേ ഹോസ്റ്റലിൽ താമസിക്കുന്ന രണ്ടും മൂന്നും വർഷ GNM വിദ്യാർത്ഥികളിൽ നിന്നും അതിക്രൂരമായ റാഗിങ് നേരിടേണ്ടി വന്നത്. പീഡനത്തിനിരയായ വിദ്യാർത്ഥികൾ തങ്ങൾ നേരിട്ട അതിക്രമങ്ങൾ വിശദീകരിച്ച് 11.02.2025 -ൽ കോളേജ് പ്രിൻസിപ്പലിന് പരാതി നൽകി. അന്നേദിവസം തന്നെ അദ്ധ്യാപകർ ഉൾപ്പെട്ട മൂന്നംഗ കമ്മിറ്റി പരാതിയിൻമേൽ അന്വേഷണം നടത്തി. പ്രഥമദൃഷ്ട്യ റാഗിങ് നടന്നതായി അന്വേഷണ കമ്മിറ്റി കണ്ടെത്തിയതിനെത്തുടർന്ന് ടി വിവരം പോലീസിന് റിപ്പോർട്ട് ചെയ്തു. 11.02.2025 -ൽ തന്നെ കുറ്റാരോപിതരും പോലീസ് അറസ്റ്റ് ചെയ്തതുമായ 5 വിദ്യാർത്ഥികളെ പ്രിൻസിപ്പൽ സസ്പെൻഡ് ചെയ്തു. ഈ വിഷയത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ രൂപീകരിച്ച നാലംഗ അന്വേഷണ കമ്മിറ്റി റാഗിങ് തടയുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സർക്കാരിന് ശുപാർശ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പു വരുത്തുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപന മേധാവിയും വാർഡനുമായ പ്രിൻസിപ്പലിനെയും അസിസ്റ്റന്റ് വാർഡന്റെ ചുമതലയുള്ള അസിസ്റ്റന്റ് പ്രൊഫസറെയും സർവ്വീസിൽ നിന്നും 14.02.2025-ലെ സ.ഉ (സാധാ) നം. 437/2025/ആ.കു.വ പ്രകാരം |

| | | | |
|---|---|---|---|
| | | | സസ്പെൻഡ് ചെയ്യുകയും കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ കെയർടേക്കർ/സെക്യൂരിറ്റിയെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുകയുമുണ്ടായി . |
| (ബി) | കോട്ടയം നഴ്സിംഗ് കോളേജിൽ റാഗിംഗ് നടത്തിയ പ്രതികൾ മുമ്പ് സമാനമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കുമോ; | (ബി) | കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിൽ ഇപ്പോൾ നടന്ന റാഗിങ്ങിൽ പ്രതികളായ വിദ്യാർത്ഥികൾ മുൻപ് സമാനമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നില്ല. |
| (സി) | റാഗിംഗിനെ തുടർന്ന് പ്രിൻസിപ്പൽ പുറത്താക്കിയ മൂന്ന് വിദ്യാർത്ഥികളെ നഴ്സിംഗ് കൗൺസിൽ അംഗങ്ങളുടെ റിപ്പോർട്ടിനെ തുടർന്ന് തിരികെ പ്രവേശിപ്പിച്ചിരുന്നോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ? | (സി) | 18/08/2023-ൽ കോട്ടയം നഴ്സിംഗ് കോളേജിൽ 2 GNM വിദ്യാർത്ഥികളെ റാഗിങ്ങിനെ തുടർന്ന് പ്രിൻസിപ്പൽ കോളേജിൽ നിന്നും ഹോസ്റ്റലിൽ നിന്നും പുറത്താക്കിയിരുന്നു. ഗാന്ധിനഗർ SHO യുടെ റിപ്പോർട്ടിന്റെയും PTA യുടെ തീരുമാനപ്രകാരവും ഈ വിദ്യാർത്ഥികളെ കോഴ്സിൽ തിരികെ പ്രവേശിപ്പിച്ചു. എന്നാൽ ഹോസ്റ്റലിലേയ്ക്കുള്ള പ്രവേശനം കർശനമായി നിരോധിച്ചിട്ടുണ്ട്. നഴ്സിംഗ് കൗൺസിൽ അംഗങ്ങളുടെ റിപ്പോർട്ട് പ്രകാരമല്ല ഈ രണ്ട് വിദ്യാർത്ഥികളെ തിരിച്ചെടുത്തത്.<br><br>എന്നാൽ 25/06/2022 ൽ കോളേജിലെ ബി.എസ്.സി (നേഴ്സിംഗ്) വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങിനുശേഷം നടന്ന DJ പരിപാടിയിൽ അച്ചടക്കലംഘനം നടത്തിയതിന്റെ പേരിൽ രണ്ട് മൂന്നാം വർഷ GNM വിദ്യാർത്ഥികളെയും ഒരു 2-ാം വർഷ GNM വിദ്യാർത്ഥിയെയും (ആകെ 3 പേർ) കോളേജിൽ നിന്നും സസ്പെന്റ് ചെയ്യുകയും ഹോസ്റ്റലിൽ നിന്ന് പുറത്താക്കുകയും ചെയ്തു. Kerala Nurses and Midwives Council –ന്റെ 01.11.2022 -ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ മൂന്ന് വിദ്യാർത്ഥികളെയും കോളേജിലും ഹോസ്റ്റലിലും തിരികെ പ്രവേശിപ്പിച്ചു. |

സെക്ഷൻ ഓഫീസർ